LIBRARY ARCHIVES Kerala Legislative Assembly

2020-21 സാമ്പത്തിക വർഷത്തെ ആഡിറ്റ് പൂർത്തീകരിച്ചപ്പോൾ ബാങ്കിന്റെ മൂലധന പര്യാപ്തത 10.18 ശതമാനം ആയി ഉയർന്നിട്ടുണ്ട്. ബാങ്കിന് അവശ്യമായ മൂലധന പര്യാപ്തത കൈവരിച്ചതിനാൽ 18-9-2021-ാം തീയതി എൻ.ആർ.ഇ. നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അനുമതിക്കായി RBI-യിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. RBI-യിൽ നിന്നും അനുകൂലമായ തീരുമാനം പ്രതീക്ഷിക്കുന്നു.

(ബി) കേരള ബാങ്കിന്റെ ഡെപ്പോസിറ്റ് അടിത്തറ ശക്തമാക്കാൻ സ്വീകരിക്കുന്ന നടപടി വ്യക്തമാക്കാമോ?

കേരളാ ബാങ്കിൽ നിലവിൽ 66,731.61 കോടി രൂപയുടെ നിക്ഷേപം ഉണ്ട്. ഇത് മുൻ വർഷം 61,073.59 കോടി രൂപ ആയിരുന്നു. ആകെ നിക്ഷേപത്തിന്റെ 25 ശതമാനം CASA നിക്ഷേപമായി വർദ്ധിപ്പിക്കുന്നതിനുള്ള ടാർജറ്റ് ശാഖകൾക്ക് നൽകിയിട്ടുണ്ട്. അതിന്റെ പുരോഗതി മൂന്ന് മാസത്തിലൊരിക്കൽ ബാങ്ക് വിലയിരുത്തി വരുന്നുണ്ട്.

കേരള ബാങ്ക് എ.ടി.എം. കൊള്ള

308 (693) ശ്രീ. സി. ആർ. മഹേഷ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് എ.ടി.എം-കളിൽ നിന്നും അനധികൃതമായി പണം പിൻവലിക്കുന്ന സംഭവങ്ങൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം പരിശോധനാവിധേയമാക്കിയിട്ടുണ്ടോ?

2021 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ മറ്റ് ബാങ്കുകളുടെ വ്യാജ കാർഡുകൾ നിർമ്മിച്ച് കേരള ബാങ്കിന്റെ വിവിധ ജില്ലകളിലെ എ.ടി.എം.-കളിൽ നിന്നും പണം തട്ടിയെടുത്തിട്ടുണ്ട്. ആയത് ബാങ്കിന്റെ ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് ബാങ്കുകളുടെ വ്യാജ മാഗ്നറ്റിക്ക് സ്ട്രൈപ്പ് കാർഡുകൾ ഉപയോഗിച്ചാണ് തട്ടിപ്പ് നടന്നിരിക്കുന്നത്.

(ബി) എ.ടി.എം.-കളിൽ ഇ.എം.വി. ചിപ്പുകൾ നിർബന്ധമാക്കണമെന്ന റിസർവ് ബാങ്കിന്റെ നിർദ്ദേശം കേരള ബാങ്ക് പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

കേരള ബാങ്കിന്റെ എ.ടി.എം.-കളിൽ EMV Certification നടപടികൾ പൂർത്തിയായിവരുന്നു.

(സി) കേരള ബാങ്കിനുവേണ്ടി സോഫ്റ്റ്വെയർ നിർമ്മിച്ച കമ്പനിയുടെ ഉദ്യോഗസ്ഥർ പാസ്സ് വേർഡ് ചോർത്തിനൽകിയാണ് എ.ടി.എം. കവർച്ച നടത്തിയതെന്ന ആരോപണം അന്വേഷണവിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

മറ്റ് ബാങ്കുകളുടെ വ്യാജ എ.ടി.എം. കാർഡുകളും മറ്റ് ബാങ്കുകളുടെ എ.ടി.എം. കാർഡുടമകളുടെ പാസ് വേർഡും ഉപയോഗിച്ചാണ് തട്ടിപ്പുകാർ പണം പിൻവലിച്ചത്. ഇതുസംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

കേരള ബാങ്കിന്റെ പ്രവർത്തനം

309 (694) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് വഴി എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും ഇടപാടുകാർക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആധുനിക ബാങ്കിംഗ് മേഖലയിൽ നൽകുന്ന സേവനങ്ങളായ RTGS/NEFT, Mobile Banking, IMPS (Immediate Payment System), Internet Banking, UPI (Unified Payment Interface, BBPS (Bharat Bill Payment System), CTS (Cheque Truncation System), ATM, Micro ATM, FASTag, AEPS (Aadhaar Enabled Payment System), E-KYC, CKYC, PFMS (Public Finance Management System), DMR (Digital Member Register), NACH (National Automated Clearing House) മുതലായ ഡിജിറ്റൽ സേവനങ്ങളെല്ലാം കേരള ബാങ്കിലൂടെ നൽകി ന്യൂജനറേഷൻ ബാങ്കുകളോട് കിടപിടിക്കുന്ന തരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആയതിനുള്ള Solution Providers-നെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 2022 ഏപ്രിൽ മുതൽ ആധുനിക ഡിജിറ്റൽ സേവനങ്ങൾ കേരള ബാങ്കിലൂടെ ഇടപാടുകാർക്ക് നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) എല്ലാ ജനവിഭാഗങ്ങളുടെയും വായ്പ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുംവിധം പുതിയ വായ്പാ പദ്ധതികൾ കേരള ബാങ്ക് വഴി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly